# ഓർക്കാം പെരുമാട്ടിയും കഞ്ഞിപ്പാടവും

**തദ്ദേശഭരണത്തിൽ** ജനപങ്കാളിത്തം ഉറപ്പാക്കുകയും ജനാധിപത്യത്തിന്റെ ശാക്തീകരണത്തിന് വഴിയൊരുക്കുകയുമായിരുന്നു പഞ്ചായത്തീരാജ് നിയമത്തിന്റെ ലക്ഷ്യം. സ്വാതന്ത്ര്യാനന്തരം വരേണ്യവർഗ്ഗത്തിന്റെ കൈകളിലൊതുങ്ങിയ കേന്ദ്രീകൃത അധികാരവ്യവസ്ഥയോടുള്ള അനേകം കലഹങ്ങളുടെ ഒരു പ്രതിഫലനം കൂടിയായിരുന്നു ഈ നിയമം. ഭരണം വികേന്ദ്രീകരിക്കുന്നതിൽ കുറേക്കൂടി മുന്നോട്ടുപോയി, വ്യക്തമായ അധികാരങ്ങൾ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് നൽകിയ സംസ്ഥാനമാണ് കേരളം. 1994 ലെ കേരള പഞ്ചായത്തീരാജ് ആക്ട് പുതിയ സാമൂഹിക ബന്ധങ്ങളും സാമ്പത്തിക ക്രമവും തദ്ദേശീയതലങ്ങളിൽ രൂപപ്പെടുത്തുന്നതിനാണ് ലക്ഷ്യം വച്ചത്. വികസനപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള പൂർണ്ണമായ അധികാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ജനകീയാസൂത്രണ പദ്ധതിയും ശ്രദ്ധേയമായ മാറ്റങ്ങൾക്ക് വഴിയൊരുക്കിയിട്ടുണ്ട്. 20 വർഷം പിന്നിട്ട പഞ്ചായത്തീരാജ് സംവിധാനം, ആദ്യനാളുകളിലെ സഹജമായ ചാപല്യങ്ങൾ മറികടന്ന് സുശക്തമായ ഒരു ഘടനയിലെത്തിയ ശേഷം നടക്കുന്ന തെരഞ്ഞെടുപ്പ് എന്നതാണ് 2015ലെ ഈ തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിന്റെ പ്രത്യേകത. പരിമിതികൾ ഏറെയുണ്ടെങ്കിലും അധികാര വികേന്ദ്രീകരണ പ്രക്രിയ ശക്തിപ്പെട്ടതിന്റെ പ്രതിഫലനങ്ങൾ പലയിടത്തും ഇതിനിടയിൽ കാണാൻ കഴിഞ്ഞിട്ടുണ്ട്. അധികാരങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയ പല പഞ്ചായത്തുകൾക്കും കേന്ദ്രീകൃത ഭരണകൂടങ്ങളുമായി ഏറ്റുമുട്ടേണ്ടി വന്നു. പരിമിതമെങ്കിലും, ഗ്രാമസഭകളുടെ അധികാരമുപയോഗിക്കാൻ ശ്രമിച്ച ജനങ്ങൾ പലയിടങ്ങളിലും പഞ്ചായത്ത് ഭരണസമിതിയുടെ ദുർനടപടികളെ ചോദ്യം ചെയ്തു. അധികാരവികേന്ദ്രീകരണത്തിലുള്ള തങ്ങളുടെ പങ്കിനെക്കുറിച്ച് വാചാലരാകുന്ന ഇടത്-വലത് രാഷ്ട്രീയകക്ഷികളുടെ സർക്കാറുകൾ ചെറിയ കാലത്തിനുള്ളിൽത്തന്നെ പഞ്ചായത്തുകളുടെ അധികാരം കവർന്നെടുക്കാനും തുടങ്ങി. ജനാധികാരത്തിന്റെ ശാക്തീകരണത്തിൽ തത്പരരല്ലാത്ത രാഷ്ട്രീയ പാർട്ടികളുടെ വരേണ്യത തദ്ദേശ ഭരണരൂപങ്ങളെ ദുർബലമാക്കി. ഗ്രാമസഭയ്ക്ക് കൂടുതൽ അധികാരങ്ങൾ നൽകാനുള്ള വ്യവസ്ഥ ഉപയോഗപ്പെടുത്തുന്നതിൽ ഒരു സർക്കാറും താത്പര്യം കാണിച്ചില്ല.

പഞ്ചായത്തിന്റെയും ഗ്രാമസഭയുടെയും അധികാരത്തെ സംസ്ഥാന സർക്കാർ ചോദ്യം ചെയ്യുന്ന ഒട്ടേറെ സാഹചര്യങ്ങൾ ഈ 20 വർഷത്തിനിടയിലുണ്ടായി. ഐതിഹാസികമായ പ്ലാച്ചിമട സമരത്തിന്റെ അനുഭവം നമ്മൾ മറന്നിട്ടുണ്ടാകില്ല. കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ ചട്ടങ്ങളിലെ ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽസംബന്ധിച്ച 232-ാം വകുപ്പുപ്രകാരമാണ് കൊക്കകോള കമ്പനിക്ക് നൽകിയ പ്രവർത്തനാനുമതി പുതുക്കേണ്ടതില്ലെന്ന് പ്രാദേശിക ഭരണ സ്ഥാപനമായ പെരുമാട്ടി ഗ്രാമപഞ്ചായത്ത് തീരുമാനിച്ചത്. 'കൊക്കകോള കമ്പനി ഭൂഗർഭജലം അമിതമായി ചൂഷണം ചെയ്യുന്നതുമൂലം ശുദ്ധജലക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നതിനാൽ പൊതുതാൽപര്യം മുൻനിറുത്തി മേപ്പടി കമ്പനിയുടെ ലൈസൻസ് പുതുക്കി കൊടുക്കേണ്ടതില്ല' എന്നാണ് പഞ്ചായത്ത് തീരുമാനിച്ചത്. കൊക്കക്കോളയ്ക്ക് അനുകൂലമായ വികസനനയമായിരുന്നു അന്നത്തെ കേരള സർക്കാറിന്റേത് എന്നതിനാൽ സർക്കാർ പെരുമാട്ടി പഞ്ചായത്തിന്റെ ആ തീരുമാനം സ്റ്റേ ചെയ്യുകയായിരുന്നു. ഭരണഘടനയുടെ 73-74 ഭേദഗതികൾക്ക് അനുസൃതമായ അധികാരങ്ങൾ പഞ്ചായത്തിനു കൈമാറാൻ ഭരണഘടനാപരമായ ബാധ്യതയുള്ള സംസ്ഥാന ഭരണകൂടമാണ് ഇത്തരത്തിലുള്ള നിലപാട് കൈക്കൊണ്ടത്. ഒരു ഭക്ഷ്യോൽപന്നം എന്നനിലയിൽ കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയത്തിന്റെ ക്ലിയറൻസ് മാത്രമേ ഞങ്ങൾക്ക് ബാധകമാകൂ എന്നായിരുന്നു കൊക്കകോള കമ്പനിയുടെ വാദം. എന്നാൽ പഞ്ചായത്ത്രാജ് നിയമത്തിന്റെ 232-ാം വകുപ്പിന്റെ ഭാഗമായ അഞ്ചാംപട്ടികയിൽ പറയുന്ന, ക്ലിയറൻസ് ആവശ്യമായ വ്യവസായങ്ങളുടെ ലിസ്റ്റിൽ 'ഭക്ഷ്യോൽപന്നങ്ങളുടെ നിർമാണം' ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നിട്ടും പെരുമാട്ടി പഞ്ചായത്തിന് വിജയിക്കാൻ കഴിഞ്ഞില്ല. തർക്കം ഹൈക്കോടതി ബഞ്ചുകളും സുപ്രീംകോടതിയിലും വരെ എത്തിനിൽക്കുകയാണ്.

പെരുമാട്ടിയുടേത് ഒറ്റപ്പെട്ട അനുഭവമല്ല. മലിനീകരണം നടത്തുന്ന കാതിക്കുടത്തെ നിറ്റാജലാറ്റിൻ കമ്പനിക്കെതിരെ നടപടിയെടുത്ത കാടുകുറ്റി ഗ്രാമപഞ്ചായത്തിനും പരിസ്ഥിതി നശിപ്പിക്കുകയും ജനജീവിതം ദുസഹമാക്കുകയും ചെയ്യുന്ന ക്വാറികൾക്കും ക്രഷറുകൾക്കുമെതിരെ നടപടിയെടുത്ത ഒട്ടേറെ ഗ്രാമപഞ്ചായത്തുകൾക്കും സമാനമായ അനുഭവമുണ്ടായിട്ടുണ്ട്. പഞ്ചായത്തിന്റെ അധികാരങ്ങൾ കോടതി വ്യവഹാരങ്ങളിൽ കുരുങ്ങുന്നു. അതല്ലെങ്കിൽ, കോടതിക്ക് പുറത്ത് പ്രബല രാഷ്ട്രീയകക്ഷികളുടെ കേന്ദ്രീകൃത തീരുമാനത്തിനനുസരിച്ച് തങ്ങൾ ഭരിക്കുന്ന പഞ്ചായത്ത് ഭരണസമിതികളെ അവർ നിലയ്ക്കു നിർത്തുന്നു. (വിളപ്പിൽശാലയുടെ അനുഭവം). അതുമല്ലെങ്കിൽ ഗ്രീൻചാനൽ സംവിധാനവും ഏകജാലക ക്ലിയറൻസ് ബോർഡുകളും പോലെയുള്ള ജനാധിപത്യവിരുദ്ധ സംവിധാനങ്ങളിലൂടെ 'ഉദ്യോഗസ്ഥ ദുഷ്പ്രഭുക്കൾ' പഞ്ചായത്തുകളെ പരാജയപ്പെടുത്തുന്നു. ജനാധികാരത്തെ ശക്തിപ്പെടുത്തുന്ന തരത്തിൽ പഞ്ചായത്തീരാജ് നിയമങ്ങൾ ഭേദഗതി ചെയ്യണം എന്ന പ്ലാച്ചിമട സമരത്തിന്റെ മുദ്രാവാക്യം പ്രസക്തമാകുന്നത് ഇതുകൊണ്ടെല്ലാമാണ്. ഈ തെരഞ്ഞെടുപ്പുകാലത്ത് അതൊരു പ്രധാന ചർച്ചയായി മാറട്ടെ. ആ നിലയ്ക്കുള്ള ചർച്ചകൾക്ക് വഴിയൊരുക്കുകയാണ് ഈ ലക്കം കേരളീയം.

പഞ്ചായത്തീരാജ് നിയമം രൂപീകൃതമാകുന്നതിനും മുമ്പ് ആലപ്പുഴ ജില്ലയിലെ കഞ്ഞിപ്പാടം ഗ്രാമത്തിൽ നടത്തിയ അയൽക്കൂട്ട പരീക്ഷണത്തിലൂടെ ഗ്രാമസ്വരാജിന്റെ പ്രായോഗിക രൂപം മലയാളിക്ക് പരിചയപ്പെടുത്തിയ ഡി. പങ്കജാക്ഷൻ 'പുതിയ ലോകം പുതിയ വഴി' എന്ന തന്റെ പുസ്തകത്തിൽ പഞ്ചായത്തീരാജിനെക്കുറിച്ച് പറഞ്ഞ കാര്യം ഓർത്തുകൊണ്ട് തുടങ്ങാം. "ഗ്രാമസ്വരാജ് ഗവൺമെന്റ് പ്ലാൻ ചെയ്ത് നടപ്പാക്കുന്നതായാൽ അതിനു ഗവൺമെന്റിനെ ഇല്ലാതാക്കാനുള്ള ശക്തി ഉണ്ടാവുകയില്ല. എന്നാൽ ജനങ്ങൾ മുന്നോട്ടുവന്ന് പ്രാദേശികസമൂഹങ്ങളായി ജീവിക്കാൻ തുടങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കാൻ ഗവൺമെന്റ് സന്നദ്ധമാകുന്ന ഒരു ഘട്ടം വരണം. പുറംമടൽ കൊഴിഞ്ഞു പോകുന്നത് പുറംമടലിന് നാമ്പെതിരായതുകൊണ്ടല്ലല്ലോ. പുതിയ നാമ്പുകൾ വളർന്നു വരുമ്പോൾ അവയുടെ രക്ഷയ്ക്ക് പുറംമടലുകൾ വേണം. എപ്പോൾ ആവശ്യം ഇല്ലാതായി വരുന്നുവോ അപ്പോളവ കൊഴിഞ്ഞുപോകണം." ■